"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - സംസ്ഥാനത്തെ 505 ഗ്രാമപഞ്ചായത്തുകളിൽ താൽക്കാലിക തസ്തികകൾ അനുവദിച്ച് കരാർ അടിസ്ഥാനത്തിൽ എംപ്ലോയ്മെന്റ് മുഖേന നിയമിച്ചിട്ടുള്ള ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II ജീവനക്കാരുടെ കരാർ കാലാവധി ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1603/2025/LSGD തീയതി,തിരുവനന്തപുരം, 26-06-2025

---

പരാമർശം:-

1. സ.ഉ(കൈ) നം.250/2022/തസ്വഭവ, തീയതി 10-11-2022
2. സ.ഉ.(സാധാ) നം.986/2024/LSGD, തീയതി 06.06.2024
3. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 14.03.2025 ലെ LSGD/PD/36660/2024-DEF6നമ്പർ കത്ത്.

**ഉത്തരവ്**

സംസ്ഥാനത്തെ 505 ഗ്രാമപഞ്ചായത്തുകളിൽ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II താൽക്കാലിക തസ്തികകൾ അനുവദിച്ച് കരാർ അടിസ്ഥാനത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തുന്നതിന് പരാമർശം (1) പ്രകാരം അനുമതി നൽകിയും ഇപ്രകാരം നിയമിക്കപ്പെട്ടവരുടെ പ്രസ്തുത നിയമനം പരാമർശം (2) പ്രകാരം ഒരു വർഷത്തേക്ക് ദീർഘിപ്പിച്ച് നൽകിയും ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

2. ഗ്രാമപഞ്ചായത്തുകളുടെ മാലിന്യ സംസ്കരണ സംവിധാനങ്ങളിൽ ഹെൽത്ത് ഇൻസ്പെക്ടർമാർ മികവുറ്റ പ്രവർത്തനം കാഴ്ച വയ്ക്കുന്നതായും കൂടാതെ സ്മാൾ, മീഡിയം, ലാർജ് എന്റർപ്രൈസസ് വിഭാഗത്തിൽ വരുന്ന സ്ഥാപനങ്ങളുടെ ലൈസൻസ് അപേക്ഷകളിന്മേൽ സ്ഥല പരിശോധന നടത്തി പഞ്ചായത്തിന് റിപ്പോർട്ട് ചെയ്യുകയും, തുടർ നടപടി സ്വീകരിക്കുകയും ചെയ്യുന്നതായും, വ്യാപാര നടപടി വ്യവസായ സ്ഥാപനങ്ങളിലും, മറ്റ് സ്ഥാപനങ്ങളിലും പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016, സോളിഡ് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016 എന്നിവയിലെ വ്യവസ്ഥകൾ പാലിക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തുന്നതിന് ആവശ്യമായ തുടർച്ചയായ പരിശോധനയും നിരീക്ഷണവും നടത്തുന്നതും ഹെൽത്ത് ഇൻസ്പെക്ടർമാരാണ് എന്നും കൂടാതെ മാലിന്യമുക്തം ക്യാമ്പയിനുകൾ, രാത്രികാല എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ, ഹരിത ചട്ടം പാലിച്ചുള്ള പ്രവർത്തനങ്ങൾ, ഹരിതകർമ്മസേന പ്രവർത്തനങ്ങൾ, വാറ്റും അപ്ഗ്രഡേഷൻ, ഹരിത മിത്രം ആപ്പുകൾ എന്നീ പ്രവർത്തനങ്ങളിലും പ്രസ്തുത ജീവനക്കാരുടെ സേവനം അത്യന്താപേക്ഷിതമാണെന്നും ആയതിനാൽ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരുടെ സേവനം ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് നൽകാവുന്നതാണെന്ന് പരാമർശം (3) പ്രകാരം തദ്ദേശ

സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ ശിപാർശ സമർപ്പിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) ഉത്തരവിലെ അനുബന്ധം II-ലെ 2(ഇ) പ്രകാരമുള്ള വ്യവസ്ഥകൾക്ക് വിധേയമായി സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ കരാർ അടിസ്ഥാനത്തിൽ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II താത്കാലിക തസ്തികകളിൽ നിലവിൽ സേവനത്തിലിരിക്കുന്ന ജീവനക്കാരുടെ കരാർ കാലാവധി ടിയാളുകളുടെ പെർഫോർമൻസിന്റെ അടിസ്ഥാനത്തിൽ കരാർ അവസാനിക്കുന്ന മുറയ്ക്ക് മതിയായ ഇടവേള നൽകി ഒരു വർഷത്തേക്ക് ദീർഘിപ്പിച്ച് നൽകുന്നതിന് പഞ്ചായത്തുകൾക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം
2. എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർമാർക്കും(പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
3. എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം
5. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
6. ധന വകുപ്പ്(10.06.2025 ലെ ധെവ-1/79/2025/ധന നമ്പർ കുറിപ്പ് പ്രകാരം)
7. ഇൻഫർമേഷൻ ആൻഡ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ) വകുപ്പ്
8. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം.
9. ഓഫീസ് പകർപ്പ്/കരുതൽ ഫയൽ.(255/ഇപിഎ2/2024/തസ്വഭവ നമ്പർ ഫയലിലേക്ക്)

ഉത്തരവിൻ പ്രകാരം

Signed by
Danuja M S
Date: 26-06-2025 17:47:09
സെക്ഷൻ ഓഫീസർ